**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1233** **04-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പഴയ ആലുവ-മൂന്നാർ രാജപാത പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യത്തിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്., കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ (പഴയ ആലുവ-മൂന്നാർ രാജപാത) കോതമംഗലം മുതൽ കുട്ടമ്പു വരെയുള്ള 20 കി.മീറ്റർ മാത്രമാണ് പൊതുമരാമത്ത് റോഡിന്റെ അധീനതയിൽ ഉണ്ടായിരുന്നത്. ഈ ഭാഗത്ത് ആധുനീക രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 14/08/2009 ലെ ജി.ഒ(എം.എസ്)നം 52/2009 പ്രകാരം കുട്ടമ്പുഴ മുതൽ പെരുമ്പൻകുത്ത് വരെയുള്ള 20 കി.മീറ്റർ കൂടി പൊതുമരാമത്ത് വകുപ്പിന് കൈമാറി യിരുന്നെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ റോഡിന്റെ പുന:രുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റോഡിന്റെ, കോതമംഗലം മുതൽ പെരുമ്പൻകുത്ത് വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണോ; എത്ര കിലോമീറ്റർ ദൂരമാണ് വകുപ്പിന്റെ കീഴിൽ വരുന്നതെന്ന് അറിയിക്കാമോ; | (ബി) | ഈ റോഡിന്റെ കോതമംഗലം മുതൽ പെരുമ്പൻകുത്ത് വരെയുള്ള 40 കി.മീറ്റർ സർക്കാർ ഉത്തരവു പ്രകാരം പൊതുമരാമത്ത് വകുപ്പിന് കൈമാറി യിട്ടുണ്ടെങ്കിലും 29.5 കി.മീറ്റർ മുതൽ 40 കി.മീറ്റർ വരെയുള്ള ഭാഗം വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറി യിട്ടില്ല. |
| (സി) | പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് തയ്യാറാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഈ റോഡിന്റെ 29.5 കി.മീറ്റർ മുതൽ 40 കി.മീറ്റർ വരെയുള്ള ഭാഗം (പൂയംകുട്ടി മുതലുള്ള ജനവാസമില്ലാത്ത മേഖല) വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറാത്തതിനാൽ ആ ഭാഗത്തേക്ക് പ്രവേശിക്കുവാനും, ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കുന്നതിനായി അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, കോതമംഗലം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷൻ എന്നീ കാര്യാലയങ്ങളിൽ നിന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലേക്കും 20.06.2022 ൽ കത്ത് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | 1924-ലെ വെള്ളപ്പൊക്കത്തിൽ കരിന്തിരി മല ഇടിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിത്തീർന്ന ശേഷം നാളിതുവരെ പുനർനിർമ്മാണം നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; എന്തുകൊണ്ടാണ് നാളിതുവരെയായി റോഡ് പുനർനിർമ്മിക്കാത്തതെന്ന് വിശദമാക്കാമോ; | (ഡി) | 1924-ലെ വെള്ളപ്പൊക്കത്തിൽ മലയിടിച്ചിലിലും, ഉരുൾപൊട്ടലിലും കരിന്തിരി മല ഇടിഞ്ഞത് മുഖേന ഭൂമിയുടെ ഉപരിതല ഘടനയ്ക്ക് വ്യതിയാനം സംഭവിച്ച് ഈ റോഡിന്റെ നാശനഷ്ടത്തിന് കാരണമായി. ഈ റോഡിന് പകരം നിലവിൽ എൻ.എച്ച്-49 ലൂടെയാണ് ഗതാഗതം നടന്നു വരുന്നത്. പൊതു ജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽ നിന്നും പരാതികൾ ഉണ്ടായതിനെത്തുടർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാൻ വനം വകുപ്പിൽ നിന്ന് എൻ.ഒ.സി യ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | അടിയന്തിരമായി റോഡ് പുനർനിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ